(എ) ഹരിത വർഷാചരണത്തിന്റെ രണ്ടാംഘട്ടം എന്നുമുതൽ എന്നുവരെ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇക്കാലത്ത് എത്രമാത്രം പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കർഷകരെ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) എത്ര തൊഴിൽ ദിനങ്ങൾ ഇതിലൂടെ സൃഷ്ടിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഊർജ്ജിത പച്ചക്കറി ഉല്പാദന പദ്ധതി ഒരു തുടർ പദ്ധതിയാണ്. ഈ പദ്ധതിയുടെ ആദ്യവർഷമാണ് ഹരിതവർഷമായി ആചരിച്ചത്. പദ്ധതിയുടെ രണ്ടാംഘട്ടം '98 നവംബർ മുതൽ '99 നവംബർ വരെയാണ്.

(ബി) രണ്ടാം ഘട്ടത്തിൽ ആറുലക്ഷം ടൺ പച്ചക്കറികൾ അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു.

(സി) 62409 കർഷകരെ

(ഡി) 24 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്ന് കണക്കാക്കിയിരിക്കുന്നു.

117(1083) പച്ചക്കറി ക്ഷാമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) പച്ചക്കറിക്കൃഷി വ്യാപകമാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് കൃഷിഭവനുകൾ വഴി നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ ത്രിതല പഞ്ചായത്തുകളുടെ പങ്ക് എന്താണെന്ന് വിശദമാക്കുമോ;

(ഇ) ജനകീയാസൂത്രണപദ്ധതിയിൽ ഈ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 മുതൽ ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം ഹരിതസംഘങ്ങൾ രൂപീകരിച്ച് പച്ചക്കറി കൃഷി നടപ്പിലാക്കി. ഈ പദ്ധതിയിൽ കൃഷിവകുപ്പിനെ കൂടാതെ കാർഷിക സർവകലാശാല, സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പ

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ, ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ, ഹോർട്ടി കൾച്ചറൽ ഡവലപ്മെന്റ് പ്രോഗ്രാം എന്നിവയും സജീവമായി പങ്കെടുക്കുന്നു. കൂടാതെ ദേശീയ വാട്ടർഷെഡ് പദ്ധതിപ്രകാരവും തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഹരിത സംഘങ്ങൾ രൂപീകരിച്ച് പച്ചക്കറിക്കൃഷി നടപ്പിലാക്കി. വിദ്യാലയങ്ങൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ എന്നിവരും പദ്ധതിയുടെ ഭാഗമായി പച്ചക്കറി തോട്ടങ്ങൾ സംഘടിപ്പിച്ചു.

(ബി) പദ്ധതിയുടെ ആദ്യവർഷം (1997-98) 620 ഹരിത സംഘങ്ങൾ, മറ്റ് ഏജൻസികൾ, വിദ്യാലയങ്ങൾ, വീട്ടമ്മമാർ എന്നിവർ ചേർന്ന് 8881 ഹെക്ടർ സ്ഥലത്ത് പച്ചക്കറിക്കൃഷി നടപ്പാക്കി. 2.30 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു. പദ്ധതിയുടെ രണ്ടാം വർഷത്തിൽ (1998-99) 1102 ഹരിത സംഘങ്ങൾ, 1022 വിദ്യാലയങ്ങൾ മറ്റ് ഏജൻസികൾ എന്നിവർ 11588 ഹെക്ടർ സ്ഥലത്ത് പച്ചക്കറിക്കൃഷി നടത്തി നാളിതുവരെ 3.26 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിച്ചു കഴിഞ്ഞു. ഈ പദ്ധതി മുഖേന 35 ലക്ഷം തൊഴിൽദിനങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കൃഷിഭവനുകൾ വഴി രൂപീകരിക്കപ്പെട്ട ഹരിതസംഘങ്ങൾക്ക് വിത്ത്, വളം, കീടനാശിനി, പന്തൽ, ജലസേചന സൗകര്യം എന്നിവയ്ക്ക് ഹെക്ടർ ഒന്നിന് സബ്സിഡിയായി 10,000/- രൂപ നൽകുന്നു. കൂടാതെ സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സ്പ്രെയർ വാങ്ങുന്നതിന് 800/-രൂപയും നൽകുന്നു.

കൃഷിഭവനുകൾ വഴി തെരഞ്ഞെടുത്ത 10 സെന്റിൽ കൃഷി ചെയ്യുന്ന സ്കൂളുകൾക്ക് വിത്ത്, വളം, കീടനാശിനി എന്നിവ വാങ്ങുന്നതിന് 1000 രൂപയും 25 സെന്റിൽ കൃഷി ചെയ്യുന്ന സ്കൂളുകൾക്ക് കിണർ കുഴിക്കുന്നതിന് 6000 രൂപയും പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 7500 രൂപയും നൽകിവരുന്നു.

(ഡി) ഈ പദ്ധതി കൃഷിവകുപ്പ് നേരിട്ട് നടപ്പിലാക്കുന്നതാണ്. ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ഇതിനുപുറമേ നടപ്പിലാക്കുന്നുണ്ട്.

(ഇ)&(എഫ്)ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി നടത്തുന്നതിന് പല ഗ്രാമ പഞ്ചായത്തുകളും കൃഷിക്കാർക്ക് വിത്തും വളവും നൽകുന്ന പദ്ധതി നടപ്പാക്കുന്നു.

118 (1084) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly